**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(സാന്നിദ്ധ്യം – ഷീബ ജോർജ്ജ് ഐഎഎസ്)**

തിരുവനന്തപുരം

ഉത്തരവ് നമ്പർ ഇ9/15914/18 തീയതി 16/8/2019

വിഷയം :- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട്, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ 31-03-2015 വരെയുള്ള അന്തിമ സംയുക്ത സീനിയോറിട്ടി ലിസ്റ്റ് –ജീവനക്കാരെ ഉൾപ്പെടുത്തി കരട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. O.A No. 1156/2015 ൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 23-03-2016 ലെ വിധിന്യായം

2. സാമൂഹ്യനീതി ഡയറക്ടറുടെ 21-4-2016 ലെ ഇ9-800/15 നമ്പർ നടപടിക്രമങ്ങൾ
3. സാമൂഹ്യനീതി ഡയറക്ടറുടെ 1-7-2016 ലെ ഇ11-29180/15 നമ്പർ നടപടിക്രമങ്ങൾ
4. 22-02-2018 ലെ ഇ9-25678/17/(DSJ (1) നമ്പർ സെലക്ട് ലിസ്റ്റ്.

സാമൂഹ്യനീതി വകുപ്പിൽ സ്പെഷ്യൽ ടീച്ചർ, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പ്രകാശൻ.കെ, ശ്രീമതി ഉഷ.കെ.കെ, ശ്രീമതി.എം.ഷൈനിമോൾ എന്നീ ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികകളിൽ മുൻകാല പ്രാബല്യത്തിൽ ഉദ്യോഗക്കയറ്റം ലഭിയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A No. 1156/2015 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. ജീവനക്കാർക്ക് തൊട്ടു ജൂനിയറായ ജീവനക്കാരന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികകളിൽ ഉദ്യോഗക്കയറ്റം ലഭിച്ച തീയതിയിൽ മുൻകാല പ്രാബല്യത്തിൽ നോഷണലായി ഉദ്യോഗക്കയറ്റം അനുവദിയ്ക്കുവാൻ നിർദ്ദേശിച്ച് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

2. സാമൂഹ്യനീതി വകുപ്പിലെ ഐസിഡിഎസ് സൂപ്പർവൈസർ/ സ്പെഷ്യൽ ടീച്ചർ എച്ച്.എം.ഡി.സി/സീനിയർ ഇൻസ്ട്രക്ടർ, വിറ്റിസി/യു.ഡി ക്ലാർക്ക് തസ്തികകളിലെ 06/8/1992 മുതൽ 31/7/2001 വരെയുള്ള ജീവനക്കാരുടെ സംയുക്ത അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം.186 ആയി ഉൾപ്പെട്ട ശ്രീ.കെ.ശ്രീകുമാറിനും ക്രമ നം.232 ആയ ശ്രീ.എ.പോൾരാജിനും ഇടയിലായി യഥാക്രമം 218, 219, 222 എന്നീ സ്ഥാനങ്ങളിലാണ് ശ്രീ. പ്രകാശൻ.കെ, ശ്രീമതി ഉഷ.കെ.കെ, ശ്രീമതി.എം.ഷൈനിമോൾ എന്നീ ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ ശ്രീ.എ.പോൾരാജിന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതിയിൽ മൂന്ന് ജീവനക്കാർക്കും ഉദ്യോഗക്കയറ്റം ലഭിക്കുവാൻ അർഹതയുണ്ടെന്ന് ബോധ്യപ്പെട്ട് പ്രസ്തുത മൂന്ന് ജീവനക്കാർക്കും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ 29/11/2008 തീയതി മുൻകാല പ്രാബല്യത്തിലും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ 28/11/2012 തീയതി മുൻകാല പ്രാബല്യത്തിലും ഉദ്യോഗക്കയറ്റം നൽകിയും ഡിപിസി കൂടി റഗുലറൈസ് ചെയ്യണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ 31-03-2014 തീയതി മുൻകാലപ്രാബല്യത്തിൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാരുടെ നിയമനം റഗുലറൈസ് ചെയ്ത് ഡിപിസി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് സർക്കാർ അംഗീകരിച്ച് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ

ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് I/ റീജിയണൽ ഡപ്യൂട്ടി പ്രൊഹിബിഷൻ ഓഫീസർ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ 31-5-2015 വരെയുള്ള ജീവനക്കാരുടെ പരാമർശം (2) ലെ അന്തിമസീനിയോറിട്ടി ലിസ്റ്റിൽ മൂന്ന് ജീവനക്കാരെയും ഉൾപ്പെടുത്തി ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്.

3. ശ്രീ.ഹേമരാജ്.എ യ്ക്ക് തൊട്ടു മുൻപായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ.കെ.ശ്രീകുമാർ പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം. 44 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. പരാമർശം (4) ലെ സെലക്റ്റ് ലിസ്റ്റിൽ ക്രമ നം. 5 ആയ ശ്രീ.കെ.ശ്രീകുമാറിന് തൊട്ടു താഴെയായി ശ്രീ. പ്രകാശൻ.കെ, ശ്രീമതി ഉഷ.കെ.കെ, ശ്രീമതി.എം.ഷൈനിമോൾ എന്നി ജീവനക്കാരെ യഥാക്രമം ക്രമ നം. 5(A), 5(B), 5(C) സ്ഥാനങ്ങളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ശ്രീ.കെ.ശ്രീകുമാറിന് തൊട്ടു താഴെയായി ക്രമ നം.44 (എ) ആയി ശ്രീ.പ്രകാശൻ.കെ യെയും ക്രമ നം 44 (ബി) ആയി ശ്രീമതി.ഉഷ.കെ.കെ യെയും ക്രമ നം.44 (സി) ആയി ശ്രീമതി എം. ഷൈനിമോളെയും 31-3-2014 തീയതി പ്രാബല്യത്തിൽ സീനിയോറിട്ടി നൽകി ചുവടെചേർക്കും പ്രകാരം ഉൾപ്പെടുത്തി പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തി താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No. | Name | Category | Date of Birth | Qualification | | Order No. and date of promotion | Remarks |
|---|---|---|---|---|---|---|---|
| | | | | General | Special | | |
| 44 (A) | Sri Prekasan.K | Superintendent Grade I | 21-5-1967 | BA, B.Ed | A/C Test (L) 12/2000 | E11-29180/15 dtd 01-7-2016 | From method No.1 |
| 44 (B) | Smt Usha.K.K | Superintendent Grade I | 15-5-1967 | MA, B.Ed | A/C Test (L) 6/99 | E11-29180/15 dtd 01-7-2016 | From method No.1 (Probation not declared) |
| 44 (C) | Smt M.Shynimol | Superintendent Grade I | 20-5-1972 | MA, B.Ed | A/C Test (L) 6/99 | E11-29180/15 dtd 01-7-2016 | From method No.1 |

4. താൽക്കാലിക സീനിയോറിട്ടി ലിസ്റ്റിൻമേൽ ആക്ഷേപം/ പരാതിയുള്ള പരാമർശം (2) ൽ ഉൾപ്പെട്ട ജീവനക്കാർ ആധികാരികമായ രേഖകൾ സഹിതം ഈ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം കാര്യാലയമേധാവി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ/ പരാതികൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

**പകർപ്പ്**

1. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
2. എല്ലാ കാര്യാലയ മേധാവികൾക്കും
3. സൂപ്രണ്ട്, ഐ.ടി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. സെക്ഷൻ/ സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്